# Regional Agricultural Research Station, Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593

Phone: 04936 260421, web: www.kau.edu, email: adramb@kau.in


No. E. 2752/17(L)

Dated 27. 11.17

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിൽ വെച്ച് ജനുവരി 01 മുതൽ 18 വരെ നടത്തുന്ന പൂപ്പൊലി 2018 ന്റെ ഭാഗമായി എക്സിബിഷൻ സ്റ്റാളിന്റെ ആവശ്യത്തിന് മേശയും കസേരയും വാടകയ്ക്ക് തരുന്നതിന് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**മേശ/ കസേര വാടകയ്ക്ക് തരുന്നതിനുള്ള ക്വട്ടേഷൻ**

1. മേശ – 300 എണ്ണം (ഏകദേശം)(കുറഞ്ഞത് 2x4` വലിപ്പം - മടക്കാവുന്നത്)
2. കസേര – 700 എണ്ണം (ഏകദേശം) (പ്ലാസ്റ്റിക്/ഇരുമ്പ്)

ഓരോന്നിന്റേയും ഒരെണ്ണത്തിന്റെ ഒരു ദിവസത്തെ വാടകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. മേൽ സാധനങ്ങൾ ഈ സ്ഥാപനത്തിൽ എത്തിച്ചു തരേണ്ടതാണ്

ക്വട്ടേഷൻ സംബന്ധിച്ച മറ്റു വിവരങ്ങൾ

| | | |
|---|---|---|
| ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് | : | **മേശ/ കസേര വാടകയ്ക്ക് തരുന്നതിനുള്ള ക്വട്ടേഷൻ** |
| ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | **08.12.17, 03.00 pm** |
| **ക്വട്ടേഷൻ തുറക്കുന്ന തിയതി, സമയം** | : | **08.12.17 , 03.30 pm** |
| **നിരതദ്രവ്യം** | : | **5000/- രൂപ (അയ്യായിരം രൂപ മാത്രം)** |
| ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം | : | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>മേഖലാ കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട് |

നിബന്ധനകൾ:

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല. ക്വട്ടേഷനുകൾ നിർദ്ദിഷ്ഷ ഫോറത്തിലോ അവരവരുടെ ലെറ്റർ ഹെഡ്ഡിലോ തയ്യാറാക്കി അയക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ക്വട്ടേഷൻകാരെ മാത്രം ഉൾപ്പെടുത്തി അന്നേദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ അനുസരിച്ച് സമയബന്ധിതമായി സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്. ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ വൈകിട്ട് **03.30** ന് ക്വട്ടേഷൻ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ്
പകർപ്പ് :- വിതരണത്തിന്

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ